04.07.22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
തിരുവനന്തപുരം 695 001
E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 279(1)/2022/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 5092/SIC-G4/2022)**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 ജൂൺ 28**

Sri. Leonard John,
Pro Red Star Estate,
Johnson's Villa,
Near Sangeetha Talkies,
Payyambalam, Kannur – 670 001.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ (ആയുർവേദം),
ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ (ആയുർവേദം)
കാര്യാലയം, ആരോഗ്യഭവൻ,
തിരുവനന്തപുരം – 1.
2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ (ആയുർവേദം),
ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളറുടെ (ആയുർവേദം)
കാര്യാലയം, ആരോഗ്യഭവൻ,
തിരുവനന്തപുരം – 1.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 06/01/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 10/02/2022 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 15/02/2022 |
| മറുപടി ലഭ്യമാക്കിയ തീയതി | 18/03/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 22/03/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 25/03/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 04/04/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/04/2022 |
| ഹിയറിംഗ് നടന്ന തീയതി | 28/06/2022 -വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ലിയനാർഡോ ജോൺ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം 3 ഇനങ്ങളിലായി സമർപ്പിച്ച അപേക്ഷയ്ക്ക് ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനെ

തുടർന്ന് നൽകിയ അപ്പീൽ അപേക്ഷയ്ക്ക് ഒരു ചോദ്യത്തിനു പോലും വിവരം നൽകാതെയുള്ള മറുപടിയാണ് നൽകിയതെന്നാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 06.01.2022 തീയതി സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) How many Ayurveda Drug producers have been checked between 2017 January to 2021 December for Cassia adulteration in 60% Ayurveda drug. How many manufacturers did Cassia adulteration and was cases charged under Drug adulteration act. Name the manufacturers, address, case position, punishment given etc.
2) Ayush order to stop false advertisement under section 170 – Amendment of Rule 1945 Act 1954.
    i. Five member scientific panel has to approve advertisement of a Ayurveda Drugs.
    ii. Permit number has to be published in the advertisement and so on numbering to 3 items.

3. മേൽപ്പടി അപേക്ഷയ്ക്ക് 10.2.2022 തീയതി ഒന്നാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ 15.02.2022 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് 18.03.2022 തീയതി രണ്ടാം എതിർകക്ഷി മറുപടി നൽകിയിട്ടുള്ളതായും കാണുന്നു.

4. രണ്ടാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ 22.04.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ടി കാര്യാലയത്തിലെ പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് രജിസ്റ്റേർഡ് തപാലായി അയച്ച് നൽകിയ അപേക്ഷ 13.1.2022–ന് ടി കാര്യാലയത്തിൽ ലഭ്യമായെന്നും പ്രസ്തുത അപേക്ഷയ്ക്ക് ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മറുപടി തയ്യാറാക്കി 10.2.2022–ന് ഹർജിക്കാരന് നൽകുകയുണ്ടായി എന്നും എന്നാൽ ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ഹർജിക്കാരൻ 18.2.2022–ന് സമർപ്പിച്ച ഒന്നാം അപ്പീൽ അപേക്ഷയ്ക്ക് അപ്പീൽ അധികാരി ചോദ്യങ്ങൾക്ക് പൂർണ്ണമായും മറുപടി നൽകിട്ടുള്ളതാണെന്നും ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ 3 ചോദ്യങ്ങളാണ് ഉന്നയിച്ചിരുന്നതെന്നും ടി ചോദ്യങ്ങളുടെ ഒപ്പം അപേക്ഷകൻ ഒട്ടനവധി അനുബന്ധ വിവരങ്ങളും മറ്റ് വിശദാംശങ്ങളും വിഷയം സംബന്ധിച്ച ആരോപണങ്ങളും

ഉൾക്കൊള്ളിച്ചിരുന്നു എന്നും പ്രസ്തുത അപേക്ഷ വിശദമായി പരിശോധിക്കുമ്പോൾ വിവരാവകാശ നിയമപ്രകാരം 'വിവരം' എന്ന പരിധിയിൽ വരുന്ന ചോദ്യങ്ങൾക്കാണ് മറുപടി നൽകേണ്ടതെന്നിരിക്കെ അപേക്ഷയിൽ ഉണ്ടായിരുന്ന മൂന്ന് ചോദ്യങ്ങളിൽ ആദ്യത്തെ ചോദ്യത്തിന് ഭാഗികമായും മറ്റ് ചോദ്യങ്ങൾക്ക് പൂർണ്ണമായും എസ്.പി.ഐ.ഒ. മറുപടി നൽകുകയുണ്ടായി എന്നും ആദ്യത്തെ ചോദ്യത്തിന്റെ മറുപടി പൂർണ്ണമായും നൽകാൻ വിവരശേഖരണത്തിന് സമയം ആവശ്യമുള്ളതിനാൽ പൂർണ്ണമായ മറുപടി ഉടനെ തന്നെ നൽകാമെന്ന ഉറപ്പോടെയും മറ്റ് ചോദ്യങ്ങൾക്ക് പൂർണ്ണമായി മറുപടി നൽകികൊണ്ടുമാണ് അപേക്ഷകന് മറുപടി തയ്യാറാക്കി അയച്ചതെന്നും വിവരശേഖരണം നടത്തി ഒന്നാം ചോദ്യത്തിന്റെ മറുപടി പൂർണ്ണമാക്കി അയക്കും മുൻപ് തന്നെ ടിയാന്റെ അപ്പീൽ അപേക്ഷ ലഭിക്കുകയുണ്ടായി എന്നും അപ്പീലിലെ ഒന്നാമത്തെ ചോദ്യത്തിന് വിവരം ഭാഗികമായി മാത്രമായാണ് നൽകിയിരിക്കുന്നതെന്ന അപേക്ഷകന്റെ വാദം അംഗീകരിച്ചുകൊണ്ട് ആ വിവരം പൂർണ്ണമായും ചേർത്ത് അപ്പീൽ അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കുകയുണ്ടായി എന്നും പ്രസ്തുത ചോദ്യമൊഴികെ അപ്പീൽ അപേക്ഷയിലെ മറ്റ് മൂന്ന് ചോദ്യങ്ങളും ആദ്യ അപേക്ഷയിൽ ഇല്ലാത്തവയോ ആദ്യ അപേക്ഷയുടെ വിവരത്തിന്റെ അടിസ്ഥാനത്തിൽ ഉന്നയിച്ച പുതിയ ചോദ്യങ്ങളുമാണെന്നും വിവരാവകാശ അപേക്ഷയിൽ ഉൾപ്പെടുത്താതെ അപ്പീൽ അപേക്ഷയിൽ ഉന്നയിച്ച പുതിയ ചോദ്യങ്ങൾക്ക് അപ്പീൽ അധികാരി മറുപടി നൽകിയിട്ടില്ലെന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ലഭ്യമായ വിവരങ്ങൾ എതിർകക്ഷികൾ സമയബന്ധിതമായി ഹർജിക്കാരന് നൽകിയിട്ടുള്ളതായി കാണുന്നു. ഒരു പൊതു അധികാരിയുടെ കൈവശമുള്ളതോ അവർക്ക് നിയമാനുസൃതം പ്രാപ്യമാകുന്നതോ ആയ വിവരങ്ങൾ അപേക്ഷകന് ലഭ്യമാക്കുക എന്നതാണ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ പ്രധാന ചുമതല. അപ്രകാരം നടപടി സ്വീകരിക്കുന്നതിൽ മന:പൂർവ്വമോ ബോധപൂർവ്വമോ ആയ വീഴ്ച എതിർകക്ഷിയുടെ ഭാഗത്ത് സംഭവിച്ചതായി കാണുന്നില്ല. കൂടാതെ രേഖകളുടെ വിശദീകരണം, വ്യാഖ്യാനം, സ്പഷ്ടീകരണം, വിവരാവകാശ ഓഫീസറുടെ വ്യക്തിപരമായ അഭിപ്രായം/ഉപദേശം തേടുന്ന ചോദ്യങ്ങൾ, വിവരങ്ങൾ ക്രോഡീകരിച്ച് നൽകണമെന്ന ആവശ്യം ഭരണപരമായ നടപടി സ്വീകരിച്ച് വിവരം സൃഷ്ടിച്ച് നൽകേണ്ട കാര്യങ്ങൾ തുടങ്ങിയവ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്നതുമല്ല. മാത്രമല്ല വിവരാവകാശ നിയമപ്രകാരം ആദ്യം സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടതിൽ നിന്ന് വ്യത്യസ്തമായ കാര്യങ്ങൾ അപ്പീലുകളിൽ ഉന്നയിക്കുന്നതും ക്രമപ്രകാരമല്ല. ആയതിനാൽ എതിർകക്ഷികൾ ഹർജിക്കാരന് നൽകിയ മറുപടിയിൽ അപാകത

കാണുന്നില്ല. എന്നിരുന്നാലും നൽകിയ മറുപടിയിൽ ഹർജിക്കാരൻ ആക്ഷേപം ഉന്നയിച്ചിരിക്കുന്ന സാഹചര്യത്തിൽ, ടിയാൻ ആവശ്യപ്പെടുകയാണെങ്കിൽ മറുപടി നൽകിയതിന് ആധാരമായ രേഖകൾ നേരിട്ട് പരിശോധിക്കുന്നതിനുള്ള അവസരം എതിർകക്ഷികൾ ഹർജിക്കാരന് നൽകേണ്ടതാണെന്ന് കമ്മീഷൻ നിർദ്ദേശിക്കുന്നു.

6. മേൽപ്പടി വിഷയത്തിൽ മുഖ്യവിവരാവകാശ കമ്മീഷണർ നടത്തിയ ഹിയറിംഗിൽ അനാവശ്യ തർക്കങ്ങൾക്ക് ഇടയാക്കുന്ന തരത്തിലും ധാർഷ്ട്യത്തോടെയുമുള്ള ഹർജിക്കാരന്റെ സമീപനം കമ്മീഷൻ ഗൗരവമായി കാണുന്നതിനാൽ വിവരാവകാശ അധികാരികളോടും മറ്റും ഇത്തരത്തിലുള്ള സമീപനം ഭാവിയിൽ ഒഴിവാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണെന്ന് ഹർജിക്കാരന് കമ്മീഷൻ താക്കീത് നൽകുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 ജൂൺ 28–ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION • KERALA, THIRUVANANTHAPURAM •

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി